ശമ്പളം പരിഷ്കരിക്കുന്നത് പരിശോധിക്കുന്നതിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി

80 (3589) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കുന്നത് പരിശോധിക്കുന്നതിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി യോഗം ചേരുകയുണ്ടായോ; എങ്കിൽ എന്നാണ് യോഗം ചേർന്നത്;വ്യക്തമാക്കുമോ ;

(ബി) 2014 ജൂലൈ 1 മുതലുള്ള മുൻകാല പ്രാബല്യം നൽകാനുള്ള കമ്മീഷൻ ശിപാർശ ഉപസമിതി അംഗീകരിക്കുകയുണ്ടായോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കുന്നത് പരിശോധിക്കുന്നതിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ ആദ്യ യോഗം 3-12-2015-ൽ കൂടുകയുണ്ടായി.

(ബി) പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതി പരിശോധിച്ചുവരുന്നു.

കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

81 (3590) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളുടെ കണക്ക് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന വിമുക്തഭടൻമാരുടെ എണ്ണം ലഭ്യമാക്കുമോ ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ തുടരുന്നവരെ ഒഴിവാക്കി റാങ്കുലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായത്തിൽ അവ്യക്തതയുള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ 58 വയസ്സ് പൂർത്തീകരിച്ച എത്ര ജീവനക്കാരാണ് ജോലി ചെയ്തു വരുന്നതെന്ന് തസ്തിക തിരിച്ചു വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പെൻഷൻ പ്രായം 58 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രായം കഴിഞ്ഞവരെ സർവ്വീസിൽ തുടരുന്നതിന് അനുവദിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ സംസ്ഥാന അടിസ്ഥാനത്തിൽ 385 ഒഴിവുകളുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

(ബി) അസിസ്റ്റന്റ് തസ്തികയിൽ 483 വിമുക്തഭടന്മാർ ജോലി ചെയ്യുന്നു.

(സി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള 385 ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. വഴിയുള്ള സ്ഥിരനിയമനം പൂർത്തിയാകുന്ന മുറയ്ക്ക് താൽക്കാലികമായി നിയോഗിച്ചിട്ടുള്ളവരെ ഒഴിവാക്കാനുള്ള നിർദ്ദേശം ശാഖ/ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്.

(ഡി) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് ബാധകമായ സ്റ്റാന്റിംഗ് ഓർഡറുകളിലെ വകുപ്പ് 17(i) പ്രകാരം കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സാണ്. പെൻഷൻ പ്രായത്തിൽ അവ്യക്തതയില്ല.

(ഇ) നിലവിൽ 98 ജീവനക്കാർ 58 വയസ്സ് പൂർത്തിയായതിന്ശേഷവും കോടതി ഉത്തരവ് പ്രകാരം തുടരുന്നുണ്ട്. ഇവരുടെ തസ്തിക തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു:

ക്രമ നമ്പർ	തസ്തിക	തുടരുന്ന ജീവനക്കാരുടെ എണ്ണം
1	അസിസ്റ്റന്റ് ജനറൽ മാനേജർ	1
2	മാനേജർ	32
3	അസിസ്റ്റന്റ് മാനേജർ	41
4	അസിസ്റ്റന്റ്	14
5	ഓഫീസ് അറ്റൻഡന്റ്	8
6	ഡ്രൈവർ	2

(എഫ്) ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 98 ജീവനക്കാർ 58 വയസ്സ് പൂർത്തിയായതിനുശേഷവും കമ്പനി സർവീസിൽ തുടരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly